# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4139 | 12.11.2019 -ൽ മറുപടിയ്ക്ക്

## ലോട്ടറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.പി. ഉണ്ണി<br>,, എ. പ്രദീപ്കുമാർ<br>,, ആർ. രാജേഷ്<br>,, ബി.സത്യൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോട്ടറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | (എ) | ലോട്ടറിയുടെ സമ്മാനഘടന പരിഷ്കരിച്ച ഘട്ടങ്ങളിൽ പ്രതിവാര ഭാഗ്യക്കുറികൾക്കായി പൊതുപരസ്യങ്ങൾ ആകർഷകമായി രൂപകൽപ്പന ചെയ്ത് പത്രമാധ്യമങ്ങൾ വഴി നൽകിയിട്ടുണ്ട്. കൂടാതെ കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികൾക്കായി പ്രത്യേക പരസ്യവും പ്രചരിപ്പിച്ചിട്ടുണ്ട്. വർഷത്തിൽ ആറ് നറുക്കെടുപ്പുകൾ വരുന്ന ബമ്പർ ഭാഗ്യക്കുറികൾ വിപണിയിൽ ഇറക്കുമ്പോൾ നറുക്കെടുപ്പിന് മുന്നോടിയായി അച്ചടി മാധ്യമങ്ങളെക്കൂടാതെ ടെലിവിഷൻ ചാനലുകൾ, റേഡിയോ ചാനലുകൾ, പി.ആർ.ഡി നിരക്കുള്ള മറ്റ് പ്രചാരണ മാധ്യമങ്ങൾ എന്നിവയിലും പരസ്യം നൽകാറുണ്ട്. സവിശേഷ സാഹചര്യങ്ങളിൽ ടിക്കറ്റുകളുടെ ഡിമാന്റ് കണക്കിലെടുത്ത് തീയേറ്റർ കമ്പനികൾ, ഓൺലൈൻ പോർട്ടലുകൾ, LED Wals, റെയിൽവെ ജിംഗിൾസ് എന്നിവ വഴിയും പരസ്യം ജനങ്ങളിലെത്തിക്കാറുണ്ട്. |

| | | | |
|---|---|---|---|
| | | | നവകേരള നിർമ്മിതിയ്ക്കായി വകുപ്പ് നടപ്പിലാക്കിയ 'നവകേരള' ലോട്ടറിയുടെ പ്രചരണാർത്ഥം മേൽപ്പറഞ്ഞ അച്ചടി, ദൃശ്യ-ശ്രാവ്യ നവമാധ്യമങ്ങൾ വഴിയുള്ള പ്രചരണം കൂടാതെ, കുടുംബശ്രീ നേതൃത്വത്തിലുള്ള രംഗശ്രീ ഗ്രൂപ്പുകൾ മുഖേന ജില്ലകൾ തോറും തെരുവ് നാടകങ്ങൾ സംഘടിപ്പിക്കുകയും ബ്രോഷറുകൾ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. വിപുലമായ പരസ്യപ്രചാരണത്തിന്റെ ഭാഗമായി തിരുവോണം ബമ്പർ ഉൾപ്പെടെയുള്ള ഭാഗ്യക്കുറികൾക്ക് പുതിയ പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് ചാനലുകൾ, തീയേറ്ററുകൾ എന്നിവ മുഖേന പ്രദർശിപ്പിക്കുകയും ഡാംഗ്ലറുകൾ അച്ചടിച്ച് ഏജന്റുമാർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ലോട്ടറി നടത്തിപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും വർദ്ധിച്ച സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ലോട്ടറി നറുക്കെടുപ്പ് സുതാര്യമാക്കുന്നതിനായി ജനപ്രതിനിധികൾ, പൊതു-പ്രവർത്തകർ, അഭിഭാഷകർ, സാഹിത്യ-സാംസ്കാരിക രംഗത്തെ പ്രമുഖർ, പത്ര-ദൃശ്യ മാധ്യമ പ്രതിനിധികൾ, ഉന്നത തസ്തികകളിൽ നിന്നും വിരമിച്ചവർ എന്നിവരടങ്ങുന്ന ആറംഗ ജഡ്ജിംഗ് പാനലാണ് നറുക്കെടുപ്പ് നിയന്ത്രിക്കുന്നത്. ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് സുതാര്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയിട്ടുള്ള മെഷീനാണ് നറുക്കെടുപ്പിനായി ഉപയോഗിക്കുന്നത്. ഓരോ നറുക്കെടുപ്പിന് മുമ്പും ജഡ്ജിംഗ് കമ്മിറ്റി അംഗങ്ങളുടെയും വകുപ്പ് ഉദ്യോഗസ്ഥരുടേയും മേൽനോട്ടത്തിൽ ടി മെഷീൻ പരിശോധിച്ച് ട്രയൽ റൺ നടത്തിയ ശേഷമാണ് നറുക്കെടുപ്പിന് ഉപയോഗിക്കുന്നത്. സുതാര്യത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി നറുക്കെടുപ്പ് നടപടികൾ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | കൈരളി, കൗമുദി, ജയ്ഹിന്ദ്, ജീവൻ എന്നീ ചാനലുകളിലൂടെ തൽസമയം സംപ്രേഷണം നടത്തുന്നുണ്ട്. പൊതു ജനങ്ങൾക്ക് നേരിട്ട് നറുക്കെടുപ്പ് വീക്ഷിക്കുന്നതിനും അനുവാദമുണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ സുരക്ഷാസംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റുകളുടെ സുരക്ഷാസംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പും C-DIT മായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലാബ് സ്ഥാപിക്കുകയും, ടിക്കറ്റുകളിൽ Microletters Pattern, Guilloche Pattern, Opaque text pattern, Relief pattern, Void pantograph pattern, Invert microline pattern എന്നീ ആറ് സുരക്ഷാസംവിധാനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന ഓരോ ഘട്ടത്തിലും സൂക്ഷ്മമായ നിരീക്ഷണവും പരിശോധനയും ഉണ്ടാകണമെന്ന് പ്രസ്സുകൾക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. |
| (സി) | ഇതരസംസ്ഥാന ലോട്ടറികളെ ശക്തമായി പ്രതിരോധിക്കുന്നതിന് വേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | നിയമാനുസൃതമല്ലാത്ത ഇതര സംസ്ഥാന ലോട്ടറികളുടെ വില്പന പ്രതിരോധിക്കാൻ കർക്കശ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ലോട്ടറി റെഗുലേഷൻ ഭേദഗതി റൂൾസ് പ്രകാരം കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ വില്പന ആരംഭിക്കുന്നതിന് നികുതി വകുപ്പ് സെക്രട്ടറിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ, ഇത് സംബന്ധിച്ച് പുറത്തിറക്കിയിരിക്കുന്ന റൂൾ ഭേദഗതികൾ, വിജ്ഞാപനങ്ങൾ എന്നിവ അനുസരിച്ച് മാത്രമെ കേരളത്തിൽ ഇതര സംസ്ഥാന ഭാഗ്യക്കുറി വില്പന സാധിക്കുകയുള്ളൂ. പ്രസ്തുത |

<table>
<tr>
<td></td>
<td></td>
<td></td>
<td>നിയമങ്ങൾ ലംഘിച്ച് വില്പന നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും സാധന സാമഗ്രികൾ പിടിച്ചെടുക്കുന്നതിനും മേൽ ഭേദഗതികൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. 2017 ജൂലൈ മാസത്തിൽ സംസ്ഥാന സർക്കാരിന്റെ അനുമതിയില്ലാതെ മിസോറാം ലോട്ടറി ടിക്കറ്റുകൾ കേരളത്തിനുള്ളിൽ വില്പന നടത്താനുള്ള ശ്രമം നിയമ നടപടികളിലൂടെ പരാജയപ്പെടുത്തിയിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോട്ടറി ക്ഷേമനിധി ആനുകൂല്യങ്ങൾ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?</td>
<td>(ഡി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷേമനിധി ബോർഡ് മുഖേന വിതരണം ചെയ്യുന്ന ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.
<table>
<tr><th colspan="3">ഓണം ഉത്സവബത്ത</th></tr>
<tr><td>വർഷം</td><td>ക്ഷേമനിധി അംഗങ്ങൾക്കുള്ള ഉത്സവ ബത്ത (രൂപ)</td><td>പെൻഷൻകാർക്കുള്ള ഉത്സവ ബത്ത (രൂപ)</td></tr>
<tr><td>2015</td><td>4,000/-</td><td>700/-</td></tr>
</table>
<table>
<tr><th colspan="3">ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം</th></tr>
<tr><td>വർഷം</td><td>ക്ഷേമനിധി അംഗങ്ങൾക്കുള്ള ഉത്സവ ബത്ത (രൂപ)</td><td>പെൻഷൻ കാർക്കുള്ള ഉത്സവ ബത്ത (രൂപ)</td></tr>
<tr><td>2016</td><td>5,000/-</td><td>1,000/-</td></tr>
<tr><td>2017</td><td>5,500/-</td><td>1,500/-</td></tr>
<tr><td>2018</td><td>6,000/-</td><td>2,000/-</td></tr>
<tr><td>2019</td><td>6,000/-</td><td>2,000/-</td></tr>
</table>
</td>
</tr>
</table>

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ പെൻഷൻകാർക്ക് അനുവദിച്ചു വന്നിരുന്ന 500/- രൂപ പെൻഷൻ (ക്ഷേമനിധി പെൻഷനുകൾ ഏകീകരിച്ചതു വഴി) 1,100/-രൂപയാക്കി വർദ്ധിപ്പിച്ചു. പ്രസ്തുത പെൻഷൻ തുക 2019 ഏപ്രിൽ മുതൽ 1,200/- രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ക്ഷേമനിധി അംഗങ്ങൾക്ക് യൂണിഫോം, മോട്ടറൈസ്ഡ് ട്രൈ സ്കൂട്ടർ, ബീച്ച് അംബ്രല്ല എന്നിവ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ ക്ഷേമനിധി അംഗങ്ങളുടെ സാമൂഹിക ഉന്നമനത്തിനായി പത്താംതരം വിജയിച്ചിട്ടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുമായി സംയോജിച്ച് പത്താം തരം തുല്യതാ പഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി നടപ്പിലാക്കി.

സംസ്ഥാന ഭാഗ്യക്കുറി ക്ഷേനിധിയിലെ അംഗങ്ങളായവരും പ്രളയ ബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിൽ ദുരിതത്തിൽപ്പെട്ടവരുമായ ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ടിക്കറ്റുകൾ നഷ്ടപ്പെടുകയൊ/ കേടുപാടുകൾ സംഭവിക്കുകയോ, വിൽക്കാൻ സാധിക്കാതെ വരികയോ ചെയ്തതുമൂലം സാമ്പത്തിക നഷ്ടം സംഭവിച്ചവർക്കും ആശ്വാസ ധനസഹായം നൽകുകയുണ്ടായി.

Priya
സെക്ഷൻ ഓഫീസർ